പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 2499

18..7..2011 ൽ
താൽക്കാലികമായി മറുപടി
നൽകിയത്.

സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാർ

ചോദ്യം

ശ്രീ. കെ. അച്ചുതൻ

1/2/2011 ൽ കൂടിയ സിഡിറ്റിലെ 17- ാം ഗവേണിംഗ് ബോഡി യോഗത്തിൽ താൽക്കാലിക ജീവനക്കാരുടെ വിഷയത്തിൽ ഏതൊക്കെ തീരുമാനങ്ങൾ കൈകൊണ്ടിരുന്നു; ഇതിൽ ഏതൊക്കെ തീരുമാനങ്ങൾ നടപ്പിലാക്കി; ഇനി ഏതൊക്കെതീരുമാനങ്ങൾ നടപ്പലാക്കാനുണ്ട്; പ്രസ്തുത തീരുമാനങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ മാനേജ്മെന്റിന് നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

1-2-11 ൽ കൂടിയ സിഡിറ്റിലെ 17- ാം ഗവേണിംഗ് ബോഡി യോഗത്തിൽ താൽക്കാലിക ജീവനക്കാരുടെ വിഷയത്തിലെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡോക്കറ്റ്/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ വ്യവസ്ഥയിലേക്ക് മാറ്റുവാൻ തീരുമാനിച്ചു.

2) 8-9-10 വരെ ജോലിയിൽ പ്രവേശിച്ച എല്ലാ കരാർ ജീവനക്കാരുടെയും കരാർ കാലാവധി 1-2-11 മുതൽ നാലുവർഷത്തേക്ക് നീട്ടി നൽകുവാൻ തീരുമാനിച്ചു.

3) കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന 150 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ഫയൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

4) വർദ്ധിച്ചുവരുന്ന ജീവിതചെലവ് പരിഗണിച്ച് എല്ലാ താൽക്കാലിക ജീവനക്കാർക്കും 25% ശമ്പള വർദ്ധനവ് നൽകാൻ തീരുമാനിച്ചു.

ഇവയിൽ 2,4 തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
1,3 തീരുമാനങ്ങൾ നടപ്പിലാക്കുവാനുണ്ട്.

സെക്ഷൻ ഓഫീസർ